# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2792 — 20.07.2011-ൽ മറുപടിക്ക്

**പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
| --- | --- | --- | --- |
| (എ) | പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ& ബി) | ഗ്രാമപഞ്ചായത്തുകളുടെ സേവനപ്രദാനവും ഭരണനിർവഹണശേഷിയും മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | ഇതിനായി ഒരു പദ്ധതിക്ക് രൂപം കൊടുക്കുമോ; | | |
| (സി) | ഇതിന് ലോകബാങ്കിന്റെ ധനസഹായം തേടുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | കെ.എൽ.ജി.എസ്.ഡി.പി പദ്ധതിക്കു വേണ്ടി 0.75% പലിശയുള്ള 2021 മുതൽ 25 കൊല്ലം കൊണ്ട് തിരിച്ചടക്കേണ്ടുന്ന 200 മില്ല്യൺ യു.എസ്.ഡോളറിന്റെ (920 കോടി രൂപ) വായ്പ കരാറിനാണ് ധാരണാപത്രം ഒപ്പു വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി 260 മില്ല്യൺ യു.എസ്. |

ഡോളറിന്റേതാണ്. (1196 കോടി രൂപ) ഇതിലെ 60 മില്ല്യൺ യു. എസ്. ഡോളർ. (276 കോടി രൂപ) സംസ്ഥാന വിഹിതമാണ്. 2011-12 മുതൽ 2014-2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിലെ 978 ഗ്രാമ പഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും ഈ പദ്ധതിയിലൂടെ സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ആസ്തികളുടെ സൃഷ്ടി, ആസ്തികളുടെ മെയിന്റനൻസ് എന്നിവയ്ക്കാവശ്യമായ ധനസഹായം ലഭ്യമാക്കുക, പ്രസ്തുത സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിന് നിയുക്തമായ കില, എസ്.ഐ.ആർ.ഡി എന്നീ സ്ഥാപനങ്ങളുടെ ശാക്തീകരണം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വിവരശേഖരം പൂർണ്ണമാക്കി ധനകാര്യ കമ്മീഷനുകൾക്കും, ആസൂത്രണ പ്രക്രിയകൾക്കും ആവശ്യമായ പഠനങ്ങൾക്ക് ഉപയുക്തമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

സെക്ഷൻ ആഫീസർ.